III ഇ.ബി. XII-കേരള നിയമസഭ/IV-15

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 മാർച്ച് 22, വ്യാഴം

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ഉന്നയിക്കുകയും (*361, *362, *363 & *382) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിര പ്രമേയം

21–3–07 ബുധനാഴ്ച നടന്ന എസ്.എസ്.എൽ.സി പഴയ സ്കീം പരീക്ഷയ്ക്ക് എറണാകുളം–മലപ്പുറം ജില്ലകളിലെ 41 സെന്ററുകളിൽ ചോദ്യങ്ങളുടെ കവർ പൊട്ടിച്ചപ്പോൾ അന്ന് നടക്കേണ്ടിയിരുന്ന ഹിസ്റ്ററി പരീക്ഷയുടെ ചോദ്യങ്ങൾക്ക് പകരം 23–3–07 വെള്ളിയാഴ്ച നടക്കേണ്ടിയിരുന്ന കെമിസ്ട്രി പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ അടങ്ങിയിരുന്നതിനാൽ കെമിസ്ട്രി പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ പുറത്താകുകയും കുട്ടികൾക്ക് ഹിസ്റ്ററി പരീക്ഷ എഴുതാൻ കഴിയാതെ

വരികയും ചെയ്ത സാഹചര്യം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ.സി. വേണുഗോപാലും മറ്റ് നാല് അംഗങ്ങളും നോട്ടീസ് നൽകിയ അടിയന്തിര പ്രമേയത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ സമയത്തിനു ള്ളിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

## III ശ്രദ്ധ ക്ഷണിക്കൽ

(1) . സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് നവീകരിച്ച് കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. രാജു എബ്രഹാം ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് പ്രൊഫ: കെ.വി. തോമസ് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു

## IV സബ്മിഷൻ

(1) കടുത്തുരുത്തി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം സംബന്ധിച്ച് ശ്രീ. മോൻസ് ജോസഫ് ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(2) വയോജനനയം കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സാജു പോൾ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പഠന–ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതു സംബന്ധിച്ച് ശ്രീ. എ.സി. മൊയ്തീൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.പി.തിലോത്തമൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) കാശ്മീരിൽ തീവ്രവാദി ആക്രമണത്തിൽ വീരചരമം വരിച്ച ക്യാപ്റ്റൻ ഹർഷന്റേയും നായിക് രതീഷ് കുമാറിന്റേയും കുടുംബങ്ങൾക്ക് സഹായം നൽകേണ്ടത് സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) ഗവൺമെന്റ് ഗ്യാരന്റി നൽകാത്തതിനാൽ നബാർഡ് പുനർവായ്പ നിഷേധിക്കുന്നതു സംബന്ധിച്ച് ശ്രീ. കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(7) കേരള സ്റ്റാമ്പ് റൂൾസിലെ പുതിയ ചട്ടപ്രകാരം രജിസ്ട്രേഷൻ രംഗത്തുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(8) 2006–ൽ കൃഷിനാശം സംഭവിച്ച മലപ്പുറം ജില്ലയിലെ കർഷകർക്ക് നഷ്ടപരിഹാരത്തുകയിൽ ബാക്കിയായത് നൽകേണ്ടത് സംബന്ധിച്ച് ശ്രീ.പി.കെ. അബ്ദുറബ്ബ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(9) ഇടുക്കി ജില്ലയിലെ ചെറുകിട കർഷകരുടെ പ്രശ്നങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന ഉപവാസ സമരം സംബന്ധിച്ച് ശ്രീ.തോമസ് ചാഴികാടൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(10) ദുഃഖ വെള്ളിയാഴ്ച ദിവസം മദ്യ നിരോധനം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി.എൻ. വാസവൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(11) കളിമൺ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പ്രൊഫ: സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി.

(12) കൈവശ ഭൂമിക്ക് പട്ടയം നൽകുമ്പോൾ മാർക്കറ്റ് വാല്യൂ ഈടാക്കുന്നത് സംബന്ധിച്ച് ശ്രീ. രാജു എബ്രഹാം ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(13) തിരുവനന്തപുരം-കളിയിക്കാവിള വരെയുള്ള എൻ.എച്ച്-47 റോഡ് നാലുവരിയാക്കുന്നത് സംബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(14) മലപ്പുറം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോച്യാവസ്ഥ സംബന്ധിച്ച് ശ്രീ. എം.ഉമ്മർ ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(15) മൂവാറ്റുപുഴയിൽ ഐ.ടി.ഐ. അനുവദിക്കേണ്ടത് സംബന്ധിച്ച് ശ്രീ. ബാബു പോൾ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി

(16) മലബാറിലെ വിദ്യാർത്ഥികൾ അനുഭവിക്കുന്ന യാത്രാക്ലേശം സംബന്ധിച്ച് ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(1) കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്..

(2) 2007-ലെ കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ്സ് ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

(3) അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട്.

## VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII നന്ദിഗ്രാമിൽ നടന്ന വെടിവയ്പ്

പശ്ചിമ ബംഗാളിലെ നന്ദിഗ്രാമിൽ 2007 മാർച്ച് 13-ാം തീയതി നടന്ന വെടിവയ്പിൽ കർഷകർ കൂട്ടക്കൊല ചെയ്യപ്പെട്ട സംഭവത്തിന്റെ വിശദാംശങ്ങൾ സഭയിൽ മെൻഷൻ ചെയ്യാൻ അനുവദിക്കണമെന്ന് ശ്രീ. ജി. കാർത്തികേയനും തുടർന്ന് പ്രതിപക്ഷനേതാവും ആവശ്യപ്പെട്ടുവെങ്കിലും ഇത് മറ്റൊരു സംസ്ഥാനത്തിന്റെ ആഭ്യന്തര പ്രശ്നമാണെന്നും കേരള സംസ്ഥാനവുമായി യാതൊരു ബന്ധവുമില്ലാത്ത ഈ വിഷയം സഭയിൽ ചർച്ച ചെയ്യേണ്ട കാര്യമില്ലെന്നും സ്പീക്കർ അറിയിച്ചു.

പ്രസ്തുത വിഷയം ഉന്നയിക്കാൻ അനുവാദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.

## VIII നിയമനിർമ്മാണകാര്യം

### (1) 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബില്ലും പ്രസ്തുത ബിൽ

കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ശ്രീ കെ.എം. മാണി നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ടും ശ്രീ. വി.ഡി. സതീശൻ പ്രസ്തുത പ്രമേയത്തെ പിന്താങ്ങിക്കൊണ്ടും സംസാരിച്ചു.

ശ്രീ. എ.എ. അസീസ് 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-4-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ശ്രീ. ബാബു എം. പാലിശ്ശേരി പ്രസ്തുത ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു.

മന്ത്രിയുടെ മറുപടിക്കുശേഷം നിരാകരണ പ്രമേയം നിരാകരിക്കപ്പെടുകയും ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയും ചെയ്തു.

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ബിൽ കൃഷിയും സംയോജിത ഗ്രാമവികസനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ

അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

**ക്രമപ്രശ്നം**

സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ നയങ്ങളും നയപരമായ കാര്യങ്ങളും സഭയ്ക്ക് പുറത്ത് പ്രഖ്യാപിക്കാൻ പാടില്ലെന്ന നിലവിലുള്ള റൂളിംഗിന് വിരുദ്ധമായി വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി 21–3–07–ന് വന നയത്തിന്റെ കരട് സഭയ്ക്ക് പുറത്ത് പ്രഖ്യാപിച്ചത് സഭയോടുള്ള അവഹേളനമാണെന്ന് ശ്രീ. ടി. എൻ പ്രതാപൻ ക്രമപ്രശ്നം ഉന്നയിച്ചു.

വന നയം പ്രഖ്യാപിച്ചിട്ടില്ലെന്നും വന നയത്തിന്റെ കരട് രേഖ മാത്രമാണ് പ്രസിദ്ധീകരിച്ചതെന്നും പൂർണ്ണമായ വന നയം പ്രഖ്യാപിക്കുമ്പോൾ സഭ സമ്മേളിച്ചുകൊണ്ടിക്കുകയാണെങ്കിൽ അത് ആദ്യം സഭയിൽത്തന്നെയാണ് പ്രഖ്യാപിക്കുകയെന്നും വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി വ്യക്തമാക്കി.

കരട് നയമാണെങ്കിൽപ്പോലും സഭ സമ്മേളിച്ചുകൊണ്ടിരിക്കുമ്പോൾ അത് സഭയ്ക്ക് പുറത്ത് പ്രഖ്യാപിക്കുന്നത് ശരിയല്ലെന്ന് സർവ്വശ്രീ പി.സി. ജോർജും കെ.സി. വേണുഗോപാലും അഭിപ്രായപ്പെട്ടു.

സഭ നടന്നുകൊണ്ടിരിക്കുമ്പോൾ സഭയിൽ പറയേണ്ട കാര്യങ്ങൾ പലപ്പോഴും പുറത്ത് പറയുന്ന സ്ഥിതിവിശേഷമുണ്ടായിട്ടുണ്ടെന്നും കരട് നയമാണെങ്കിൽപ്പോലും സഭയ്ക്കകത്ത് പറയുന്നതാണ് ശരിയെന്നും മന്ത്രിമാർ ഇക്കാര്യം ശ്രദ്ധിക്കണമെന്നും ബഹുമാനപ്പെട്ട സപീക്കർ റൂളിംഗ് നൽകി.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

**(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള മൽസ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമസെസ്സ് ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ബില്ലിന്റെ അവതരണത്തിനെതിരെ ഒബ്ജക്ഷൻ രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി സംസാരിക്കുകയും ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ പ്രഖ്യാപിക്കുകയും ചെയ്തു.

ശ്രീ. ടി. എൻ പ്രതാപൻ, പ്രൊഫ: കെ.വി. തോമസ് എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006-ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ.സി. വേണുഗോപാലും ബിൽ വീണ്ടും

അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയും അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചു.

സർവ്വശ്രീ പി.തിലോത്തമൻ, കെ.കെ. ജയചന്ദ്രൻ എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

മന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ബിൽ സഭ പരിഗണനയ്ക്കെടുത്തു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗികരിച്ചു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 218–ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം 15–നെതിരെ 58 വോട്ടകളോടെ സഭ നിരാകരിച്ചു; ഭേദഗതി പിൻവലിച്ചു.

ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച 315–ാം നമ്പർ ഭേദഗതി 15–നെതിരെ 64 വോട്ടുകളോടെ സഭ നിരാകരിച്ചു.

2006–ലെ കേരള മൽസ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമസെസ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി അവതരിപ്പിച്ചു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

ബില്ലിന്റെ മൂന്നാം വായനയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ. വി.ഡി. സതീശൻ, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, പി.സി.

ജോർജ് എന്നീ അംഗങ്ങൾ സംസാരിക്കുകയും മന്ത്രി മറുപടി പറയുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2006–ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

2007 മാർച്ച് 23–ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.35 –ന് പിരിഞ്ഞു.